പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5377      23.05.2017 -ൽ മറുപടിക്ക്

**പത്മനാഭപുരം കൊട്ടാരം സന്ദർശകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി**

ചോദ്യം

ശ്രീ.അബ്ദുൽ ഹമീദ്.പി

ഉത്തരം

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
(ബഹു.മ്യൂസിയവും തുറമുഖവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | പത്മനാഭപുരം കൊട്ടാരത്തിന്റെ ഏതെങ്കിലും ഭാഗത്ത് സന്ദർശകർക്ക് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) & (ബി) | ഇല്ല. സംരക്ഷണ പ്രവൃത്തികളുടെ ഭാഗമായി ചില ഭാഗങ്ങളിൽ സന്ദർശകർക്ക് നിയന്ത്രണം ഏർപ്പെടുത്തുന്ന സാഹചര്യം ഉണ്ടാകാറുണ്ട്. |
| (ബി) | ഇത്തരമൊരു വിലക്ക് ഏർപ്പെടുത്തിയതിന്റെ സാഹചര്യം എന്താണ് ; | | |
| (സി) | കൊട്ടാരം സന്ദർശകർക്ക് വിവരണം നൽകുന്നതിലേക്കായി ആവശ്യത്തിന് ജീവനക്കാരുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; | (സി) | പത്മനാഭപുരം കൊട്ടാരത്തിൽ സന്ദർശകർക്ക് വിവരണം നൽകുന്നതിന് നിലവിൽ മതിയായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ നികത്തേണ്ടതായ ഒഴിവുകളൊന്നും തന്നെ ഇല്ല. |
| (ഡി) | പ്രസ്തുത കൊട്ടാരം സംരക്ഷിക്കുന്നതിനും സന്ദർശകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) | പത്മനാഭപുരം കൊട്ടാരം സംരക്ഷിക്കുന്നതിനും സന്ദർശകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ